




**ബ്രിട്ടീഷുകാർക്കെതിരായ പോരാട്ടങ്ങൾ കോൺഗ്രസ്സിന്റെ വിശാല ബാനറിലായിരുന്നുവെങ്കിലും, നിർമ്മാണപ്രവർത്തനങ്ങൾക്കും സാമൂഹിക തിന്മകൾക്കെതിരായ പോരാട്ടങ്ങൾക്കും ഗാന്ധി പ്രത്യേകം സംഘടനകളും സ്ഥാപനങ്ങളും രൂപീകരിച്ചിരുന്നു. അതിന്റെ തുടർച്ചയായി ഇന്ത്യയിലും കേരളത്തിലും പിൽക്കാലത്തുണ്ടായ ഗാന്ധിയൻ സംഘടനകളെ പരിചയപ്പെടുത്തുന്നു കേരളീയം ലേഖകർ**

# ഗാന്ധിയൻ പ്രസ്ഥാനം: ചരിത്രഗതികൾ

ഗാന്ധി തന്റെ ആദർശങ്ങളുടെ സാക്ഷാത്കാരത്തിനായി സമൂഹത്തിലിടപെടാൻ നിരവധി സംഘടനകൾക്കും സ്ഥാപനങ്ങൾക്കും രൂപം കൊടുത്തിരുന്നു. സ്വാതന്ത്ര്യ സമരത്തോടൊപ്പം തന്നെയാണ് അദ്ദേഹം വിവിധ കർമ്മപരിപാടികൾ നടപ്പിലാക്കുന്നതിനായി നിരവധി പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ചത്. ഭാരതജനതയെ ശരിയായ സ്വരാജിന് പ്രാപ്തമാക്കുക എന്ന ഒരു ലക്ഷ്യം മാത്രമാണ് ഗാന്ധിജിയെ നയിച്ചിരുന്നത്. അതിനായി അദ്ദേഹം സമരാത്മകതയും നിർമ്മാണാത്മകതയുമുള്ള ബഹുമുഖ കർമ്മപരിപാടികൾ ആവിഷ്കരിച്ചു. വിവിധ സംഘടനകളിലൂടെയും സ്ഥാപനങ്ങളിലൂടെയും അദ്ദേഹം ഒരേ സമയം ഒരേ ലക്ഷ്യത്തിലേക്ക് നയിക്കുന്ന വിവിധ കർമ്മപരിപാടികൾക്ക് നേതൃത്വം നൽകി.


ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ അവസാനത്തെ മൂന്നു ദശകങ്ങളാണ് ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾകൊണ്ട് ഏറെ ജനകീയവും സംഭവബഹുലവുമായത്. നിരന്തരമായ സമരങ്ങൾ ബ്രിട്ടീഷ് ഭരണത്തിനെതിരെ ഗാന്ധിജി നടത്തുന്നില്ലായിരുന്നു എങ്കിലും, ബ്രിട്ടീഷ് ഭരണം പ്രതിനിധാനം ചെയ്തിരുന്ന ആധുനിക നാഗരികതയുടെ വിവിധ തലങ്ങളിൽ ഗാന്ധിജി നിരന്തരം പ്രതിരോധമുയർത്തിക്കൊണ്ടിരുന്നു. ഇന്ത്യയുടെ സ്വാശ്രയത്വത്തിന്റെയും സ്വരാജിന്റെയും പ്രതീകങ്ങളായി, ബ്രിട്ടീഷ് ഭരണത്തിൽ അമർന്നുപോയ നമ്മുടെ തനതു സമ്പ്രദായങ്ങളുടെ അടയാളങ്ങളെ പ്രതിഷ്ഠിച്ചുകൊണ്ടായിരുന്നു ഗാന്ധിജി മുന്നോട്ട് നിങ്ങിയത്. വിദേശ ഭരണത്തിനെതിരെയുള്ള പോരാട്ടങ്ങൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വിശാല ബാനറിലായിരുന്നു എങ്കിലും, നിർമ്മാണപ്രവർത്തനങ്ങൾക്കും സാമൂഹിക തിന്മകൾക്കെതിരായ പോരാട്ടങ്ങൾക്കും അദ്ദേഹം പ്രത്യേകം സംഘടനകളും സ്ഥാപനങ്ങളും രൂപീകരിച്ചുകൊണ്ടിരുന്നു.

### വിവിധ സംഘടനകൾ രൂപം കൊള്ളുന്നു

ഗാന്ധിജി നേരിട്ട് രൂപം കൊടുത്ത പ്രധാന സ്ഥാപനങ്ങളും സംഘടനകളും ഇവയാണ്. സബർമതി ആശ്രമം(1915), ദക്ഷിണ ഭാരത ഹിന്ദി പ്രചാരസഭ (1918), നവജീ

വൻ പ്രസ്സ്, യങ്ങ് ഇന്ത്യ ദിനപത്രം (1919), ഗുജറാത്ത് വിദ്യാപീഠം (1920), അഖിലേന്ത്യാ സ്പിന്നേഴ്സ് അസ്സോസിയേഷൻ (1925), ഗോസേവാ സംഘ് (1928), അഖിലേന്ത്യാ ഗ്രാമ വ്യവസായ അസോസിയേഷൻ (1934), ഹരിജൻ സേവാസംഘ് (1932), ഹരിജൻ മാസിക (1933), സേവാഗ്രാം ആശ്രമം (1936), ഹിന്ദുസ്ഥാനി താലിമി സംഘ് (1938), അഖിലേന്ത്യാ പ്രകൃതി ചികിത്സാഫൗണ്ടേഷൻ (1946). ഇവയ്ക്ക് പുറമെ ഗാന്ധിജിയിൽ നിന്ന് പ്രചോദമുൾക്കൊണ്ട് അദ്ദേഹം ജീവിച്ചിരുന്നപ്പോഴും അദ്ദേഹത്തിന്റെ കാലശേഷവും ഇന്ത്യക്കകത്തും പുറത്തും നൂറുകണക്കിന് സംഘടനകളും സ്ഥാപനങ്ങളും രൂപം കൊണ്ടിട്ടുണ്ട്.

തന്റെ ആദർശങ്ങളുടെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ സ്വതന്ത്ര ഇന്ത്യയിൽ തുടരുന്നതിനായി രൂപം കൊടുക്കേണ്ട സംഘടന സംവിധാനത്തെ കുറിച്ച് ഗാന്ധിജി തന്റെ അവസാന നാളുകളിൽ ചിന്തിച്ചിരുന്നു. കോൺഗ്രസ്സ് പിരിച്ചുവിടണമെന്നും ഒരു ലോകസേവകസംഘം രൂപീകരിക്കണമെന്നുമുള്ള ഗാന്ധിജിയുടെ അഭിപ്രായം കോൺഗ്രസ്സ് അംഗീകരിച്ചിരുന്നില്ല. ഈ പശ്ചാത്തലത്തിൽ 1948 ഫെബ്രുവരി 2ന് സേവാഗ്രാമിൽ വച്ച് ഗാന്ധിജി തന്റെ അടുത്ത സഹപ്രവർത്തകുടെ യോഗം വിളിച്ചുകൂട്ടാൻ നിശ്ചയിച്ചിരുന്നു. എന്നാൽ ജനുവരി 30ന് ഗാന്ധിജിയുടെ ജീവൻ മൂന്നു വെടിയുണ്ടകൾകൊണ്ട് അവസാനിപ്പിക്കപ്പെട്ടപ്പോൾ ആ യോഗം നടക്കാതെ പോയി. അന്ന് നടക്കാതെ പോയ ആ യോഗം 1948 മാർച്ച് 11 മുതൽ 15 വരെ സേവാഗ്രാം ആശ്രമത്തിൽവെച്ച് നടക്കുകയുണ്ടായി. രാജേന്ദ്രപ്രസാദിന്റെ അദ്ധ്യക്ഷതയിൽ നടന്ന പ്രസ്തുത യോഗത്തിൽ വിനോബ ഭാവെ, നെഹ്രു, ജയപ്രകാശ് നാരായണൻ, ആസാദ്, ദാദാദർമ്മാധികാരി, ശങ്കർറാവുദേവ്, ആർ. ആർ. ദിവാകർ, സക്കീർ ഹുസൈൻ, ശ്രീകൃഷ്ണദാസ് ജാജു, കാക്കാ കലേക്കർ, പ്യാരേലാൽ, ആര്യനായകം, ജെബികൃപലാനി, ജെ.സി.കുമരപ്പ, കിഷോർലാൽ മശ്രുവാല, ഗുൽസാരിലാൽ നന്ദ താക്കർ ബാപ്പ, മലയാളിയായ ഡോ. ജി. രാമചന്ദ്രൻ തുടങ്ങി ഗാന്ധിജിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന പ്രമുഖരെല്ലാം പങ്കെടുത്തു. വളരെ വൈവിധ്യമാർന്ന അഭിപ്രായങ്ങൾ ഉയർന്നുവന്ന ആയോഗത്തിലുണ്ടായ ധാരണയനുസരിച്ച് രൂപംകൊണ്ടതാണ് സർവ്വോദയ സമാജവും സർവ്വസേവാ സംഘവുമെല്ലാം. ഗാന്ധിക്ക് ശേഷം ദേശീയതലത്തിൽ രൂപം കൊണ്ടുവന്ന ഗാന്ധിയൻ പ്രസ്ഥാനങ്ങളുടെ ആദ്യ ചുവടുവയ്പ്പായിരുന്നു അത്. തുടർന്ന് നിരവധി ഗാന്ധിയൻ സംഘടനകളും സ്ഥാപനങ്ങളും ദേശീയതലത്തിൽ പല കാലങ്ങളിൽ രൂപീകൃതമായിട്ടുണ്ട്. അഖിലേന്ത്യാ ഗാന്ധിസ്മാരകനിധി, ഗാന്ധി പീസ് ഫൗണ്ടേഷൻ, ശാന്തി സേവാ മണ്ഡൽ തുടങ്ങി അവയിൽ ചിലതാണ്.



**ഏത് പ്രസ്ഥാനങ്ങളേക്കാളും പശ്ചാത്തല സൗകര്യങ്ങളുണ്ടായിട്ടും എന്തേ കാര്യങ്ങൾ ഇങ്ങനെ എന്ന ചോദ്യം സ്വയം ചോദിക്കേണ്ടത് ഗാന്ധിയൻ പ്രസ്ഥാനങ്ങളുടെ താക്കോൽ സ്ഥാനങ്ങളിലിരിക്കുന്നവരാണ്**

## ഗാന്ധിയൻ സംഘനകൾ കേരളത്തിൽ

കേരളത്തിലും നിരവധി ഗാന്ധിയൻ സംഘടനകളും സ്ഥാപനങ്ങളും പല കാലങ്ങളിലായി രൂപംകൊണ്ടിട്ടുണ്ട്. കേരളത്തിൽ ഗാന്ധിയൻ സംഘടനകൾക്ക് തുടക്കം കുറിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിൽ 1920 മുതൽ 1937 വരെയുള്ള കാലഘട്ടത്തിൽ ഗാന്ധി നടത്തിയിട്ടുള്ള അഞ്ച് കേരള സന്ദർശനങ്ങൾ വലിയ പങ്കുവഹിച്ചിട്ടുണ്ട്. 1924-ൽ പാലക്കാട് സ്ഥാപിതമായ ശബരി ആശ്രമം, കോഴിക്കോട് പാക്കനാർപുരത്ത് സ്ഥാപിതമായ ഹരിജൻ വിദ്യാർത്ഥികൾക്കായുള്ള സ്ഥാപനം, ഹരിജനോദ്ധാരണ പ്രവർത്തനങ്ങൾക്കായി 1932-ൽ തിരുവിതാംകൂറിൽ രൂപീകൃതമായ കമ്മിറ്റി, 1934 - ൽ കൊച്ചിയിലും മലബാറിലും രൂപംകൊണ്ട ഹരിജൻ സേവക് സംഘ് കമ്മിറ്റികൾ 1935-ൽ രൂപീകരിച്ച അഖിലേന്ത്യാ സ്പിന്നേർസ് അസോസിയേഷന്റെ പ്രാദേശിക ഘടകം തുടങ്ങിയവ ആ ഘട്ടത്തിൽ കേരളത്തിൽ രൂപംകൊണ്ട ഗാന്ധിയൻ പ്രസ്ഥാനങ്ങളാണ്.

ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിനുശേഷം ഇന്ത്യുടെ മറ്റുഭാഗങ്ങളിലെന്നപോലെ കേരളത്തിലും ഗാന്ധിയൻ ആശയപ്രചരണത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി നിരവധി സംഘടനകൾ രൂപംകൊള്ളുകയുണ്ടായി. 1951-52 കാലഘട്ടത്തിൽ കേളപ്പജിയുടെ നേതൃത്വത്തിൽ രൂപീകരിച്ച ഒരു ഉപദേശക സമതിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തനമാരംഭിച്ച കേരള ഗാന്ധി സ്മാരക സമിതി നിധിയായിരുന്നു അവയിൽ ഏറ്റവും പ്രധാനപ്പെട്ടത്. 1962-ൽ ആണ് ഗാന്ധി സ്മാരകനിധി രജിസ്റ്റർ ചെയ്ത് സ്വയംഭരണ സ്ഥാപനമായിമാറുന്നത്. കേരളഗാന്ധി സ്മാരകനിധിയുടെ ഭാഗമായി തുടർന്നുള്ള വർഷങ്ങളിൽ മാരാരിക്കുളം (ആലപ്പുഴ), നട്ടാശ്ശേരി (കോട്ടയം), നന്ത്യാട്ടുകുന്നം (എറണാകുളം), പൂവ്വത്തൂർ (തൃശൂർ), മംഗലം (പാലക്കാട്), നിർമ്മല്ലൂർ (കോഴിക്കോട്), കാരിയാട്

(കണ്ണൂർ), കാറഡുക്ക (കാസർകോട്) എന്നീ സ്ഥലങ്ങളിൽ ഗ്രാമസേവാ കേന്ദ്രങ്ങൾ ആരംഭിച്ചു. ഈ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ വേറെയും നിരവധി സ്ഥലങ്ങളിൽ വേറെയും പ്രവർത്തന കേന്ദ്രങ്ങളുണ്ടാക്കിയിട്ടുണ്ട്.

1958-ൽ കേളപ്പജിയുടെ തന്നെ നേതൃത്വത്തിൽ കേരള സർവ്വോദയ സംഘം രൂപീകൃതമായി. 1984-85 വർഷങ്ങളിൽ കേരള സർവ്വോദയ സംഘത്തിന്റെ പ്രവർത്തനങ്ങൾ വികേന്ദ്രീകരിക്കപ്പെട്ടു. അതിനായി തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ സർവ്വോദയ സംഘങ്ങൾ രൂപീകൃതമായി. ഇവയുടെയെല്ലാം ഭാഗമായി കേരളത്തിലങ്ങോളമിങ്ങോളം നിരവധി ഉത്പാദന യൂണിറ്റുകളും വിപണികേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. സർവ്വോദയ സംഘം ഖാദി ഗ്രാമവ്യവസായ രംഗത്തെ പ്രവർത്തനങ്ങൾക്കാണ് നേതൃത്വം നൽകുന്നത്. തിരുവിതാംകൂറിലെയും കൊച്ചിയിലേയും മലബാറിലെയും ഹരിജൻ സേവക് സംഘങ്ങൾ യോജിച്ച് 1956ൽ ഹരിജൻ സേവക് സംഘത്തിന്റെ കേരളം ഘടകം രൂപീകരിക്കപ്പെട്ടു. 1957ൽ വിനോബാഭാവെയുടെ ഭൂദാനപദയാത്ര കേരളത്തിൽ പര്യടനം നടത്തിയപ്പോൾ കാലടിയിൽ വച്ചു നടന്ന യോഗത്തിൽ ഗാന്ധിയൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർവ്വോദയ മണ്ഡലത്തിന് മഞ്ചേശ്വരത്ത് വച്ചു നടന്ന യോത്തിൽ വച്ച് ശാന്തി സേനാ മണ്ഡൽ എന്ന സംഘടനയും രൂപംകൊണ്ടു.

നിരവധി സ്ഥാപനങ്ങളും ഈ കാലഘട്ടത്തിൽ കേരളത്തിൽ സ്ഥാപിക്കപ്പെടുകയുണ്ടായി. രാമനാട്ടുകരയിൽ കെ. രാധാകൃഷ്ണമേനോൻ സ്ഥാപിച്ച അടിസ്ഥാന വിദ്യഭ്യാസ സംഘം, പാലക്കാട് എ. അച്ചുതൻ സ്ഥാപിച്ച അടിസ്ഥാന വിദ്യാഭ്യാസ സ്കൂൾ, പേരൂർ കുമാരൻ സ്ഥാപിച്ച ഗാന്ധിസേവാസദനം, നമ്പീശൻ ദമ്പതികൾ സ്ഥാപിച്ച മായന്നൂർ ഗാന്ധി ആശ്രമം, പരിവ്രാജിക രാജമ്മ തിരുവനന്തപുരം മലയടിയിൽ സ്ഥാപിച്ച വിനോബ നികേതൻ, ജി. രാമചന്ദ്രൻ നെയ്യാറ്റിൻകരയിൽ സ്ഥാപിച്ച മാധവിമന്ദിരം, കെ. വിശ്വനാഥൻ വെള്ളനാട്ട് സ്ഥാപിച്ച മിത്രനികേതൻ തുടങ്ങിയവ ആ കാലഘട്ടത്തിൽ രൂപീകൃതമായ സ്ഥാപനങ്ങളാണ്.

1950 കളുടെ അവസാനം ദേശീയതലത്തിൽ രൂപീകൃതമായ ഗാന്ധിപീസ് ഫൗണ്ടേഷന്റെ ആറ് കേന്ദ്രങ്ങൾ പല വർഷങ്ങളിലായി കേരളത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിലാണ് ആ കേന്ദ്രങ്ങൾ.

കസ്തൂർബാ മെമ്മോറിയൽ നാഷണൽ ട്രസ്റ്റിന്റെ കേരളാ അടിസ്ഥാനത്തിലുള്ള കേന്ദ്രം തൃശൂർ നെടുപുഴയിൽ പ്രവർത്തിക്കുന്നു. മേൽസൂചിപ്പിച്ച സംഘടനകൾക്കും സ്ഥാപനങ്ങൾക്കും പുറമെ നിരവധി യുവജനപ്രസ്ഥാനങ്ങളും ഈ കാലയളവിൽ കേരളത്തിൽ രൂപീകൃതമായിട്ടുണ്ട്. ശാന്തിസേന മണ്ഡലിന്റെ യുവജനവിഭാഗമെന്ന നിലയിൽ ദേശീയതലത്തിൽ 1962ൽ രൂപീകൃതമായ തരുൺശാന്തി സേനയുടെ കേരളാഘടകം 1964-65 കാലഘട്ടത്തിൽ രൂപീകൃതമായി. തരുൺശാന്തി സേനയുടെ പ്രവർത്തനം ദേശീയതലത്തിൽ ബീഹാർ - ഗുജറാത്ത് പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ ഛാത്ര-യുവസംഘർഷവാഹിനി (വിദ്യാർത്ഥി-യുവജനസമരസമിതി) യുടെ രൂപീകരണത്തിലേക്ക് നയിച്ചു. സ്വാഭാവികമായും കേരളത്തിലും സംഘർഷവാഹിനിയുടെ സംസ്ഥാന ഘടകം രൂപീകരിക്കപ്പെട്ടു. അടിയന്തിരാവസ്ഥക്ക് മുമ്പ് രൂപീകരിക്കപ്പെട്ട ഛാത്ര-യുവസംഘർഷവാഹിനി ജനത സർക്കാർ കേന്ദ്രത്തിൽ അധികാരത്തിൽ വന്നതോടെ ദേശീയതലത്തിൽ സാവകാശം നിർജ്ജീവമായി. ഈ പശ്ചാത്തലത്തിൽ തരുൺശാന്തി സേനയും സംഘർഷവാഹിനിയുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന കേരളത്തിലെ ചെറുപ്പക്കാർ 1982-83 കാലഘട്ടത്തിൽ ഗാന്ധി യുവമണ്ഡലത്തിന് രൂപം നൽകി.

ഗാന്ധി സാഹിത്യപ്രസാധനരംഗത്ത് കേരളത്തിൽ ഒരു കാലഘട്ടംവരെ പ്രവർത്തിച്ചിരുന്നത് പ്രധാനമായും കേരള ഗാന്ധി സ്മാരകനിധിയായിരുന്നു. 1988ൽ എറണാകുളം കേന്ദ്രീകരിച്ച് രൂപീകൃതമായ പൂർണ്ണോദയ ബുക്ക് ട്രസ്റ്റ് ഗാന്ധിയൻ പുസ്തകപ്രസാധന രംഗത്ത് പ്രവർത്തിക്കുന്നു. ഇതിനെല്ലാം പുറമെ തിരുവനന്തപുരം തൈക്കാട്ട് ഉള്ള കേരള ഗാന്ധി സ്മാരകനിധിയുടെ ഗാന്ധിഭവൻ, എറണാകുളം കച്ചേരിപ്പടിയിലുള്ള ഗാന്ധിഭവൻകമ്മിറ്റിയുടെ ഗാന്ധിഭവൻ, കോഴിക്കോട് ഗാന്ധിപീസ് ഫൗണ്ടേഷൻ ട്രസ്റ്റിന്റെ ഗാന്ധിഗൃഹം, കണ്ണൂർ ടൗണിലുള്ള കണ്ണൂർ ജില്ലാ ഗാന്ധി സെന്റിനറി സൊസൈറ്റി വക മഹാത്മാ മന്ദിരം എന്നിവ ഓഡിറ്റോറിയവും ഓഫീസ് സൗകര്യങ്ങളുമുള്ള നഗരസംവിധാനങ്ങളാണ്. മദ്യനിരോധനം, പ്രകൃതി ജീവനം തുടങ്ങിയ ഗാന്ധിയൻ പരിപാടികൾ കേന്ദ്രീകരിച്ച് മാത്രം പ്രവർത്തിക്കുന്ന സംഘടനകളും ഗാന്ധിമാർഗ്ഗപ്രവർത്തകരുടെ മുൻകൈയിലുണ്ട്. 1978ലാണ് കേരള മദ്യനിരോധന സമിതി രൂപീകരിക്കപ്പെട്ടത്.

ചുരുക്കത്തിൽ കേരളീയ സമൂഹത്തിൽ ചെലുത്തുന്ന പ്രഭാവം എന്തു തന്നെയാണെങ്കിലും വളരെ വിപുലമായ സംവിധാനങ്ങളും പ്രവർത്തനമണ്ഡലങ്ങളും ഉള്ള ഒന്നാണ് കേരളത്തിലെ ഗാന്ധിയൻ പ്രസ്ഥാനങ്ങൾ. വലിയൊരു പാരമ്പര്യം, ലോകമെങ്ങും ഇന്ന് കൂടുതൽ അംഗീകാരം ലഭിച്ചുവരുന്ന ഒരു തത്വശാസ്ത്രത്തിന്റെ അടിസ്ഥാനം, കേരളത്തിലെ പ്രധാന പട്ടണങ്ങളിലുൾപ്പെടെ അങ്ങോളമിങ്ങോളം സ്വന്തം സ്ഥലവും കെട്ടിടങ്ങളുമുള്ള വിവിധ സ്ഥാപനങ്ങൾ, ആഗോളവത്കരണ നയങ്ങളെയും ബഹുരാഷ്ട്ര കുത്തകകളെയും സൃഷ്ടിപരമായി പ്രതിരോധിക്കാനുള്ള ഉത്പാദന സംവിധാനങ്ങളും വിപണനശ്രംഗലകളും. ഈ വിധത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ വേറെ ഏത് പ്രസ്ഥാനത്തിനാണുള്ളത്. എന്നിട്ടുമെന്തെ കാര്യങ്ങൾ ഇങ്ങനെ എന്ന ചോദ്യം സ്വയം ചോദിക്കേണ്ടത് ഗാന്ധിയൻ പ്രസ്ഥാനങ്ങളുടെ താക്കോൽ സ്ഥാനങ്ങളിലിരിക്കുന്നവരാണ്.

*(ഈ കുറിപ്പ് തയ്യാറാക്കുന്നതിൽ 1998 ഡിസംബർ ലക്കം പൂർണ്ണോദയ മാസികയിൽ ഡോ. ജോർജ്ജ് പുളിക്കൻ എഴുതിയ കേരളത്തിലെ ഗാന്ധിയൻ പ്രസ്ഥാനം ഇന്നലെ ഇന്ന് നാളെ എന്ന ലേഖനവും ഗോപാൽകൃഷ്ണ ഗാന്ധി എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ച Gandhi is gone. Who will guide us now? എന്ന ലഘുഗ്രന്ഥവും മുതിർന്ന ഗാന്ധിമാർഗ്ഗ പ്രവർത്തകരായ പി. രാമചന്ദ്രൻ നായർ, ടി.ആർ.എൻ. പ്രഭു എന്നിവരുമായി നടത്തിയ സംഭാഷണങ്ങളും സഹായകരമായിട്ടുണ്ട്.)*